## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3523

20.06.2018 ൽ മറുപടിക്ക്

### ഗെയിൽ പൈപ്പ് ലൈനിനെക്കുറിച്ചുള്ള ആശങ്കകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. മുഹമ്മദ് മുഹസിൻ. പി. | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | ഗെയിൽ പൈപ്പ് ലൈൻ കടന്നുപോവുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് വളരെ തുച്ഛമായ നഷ്ടപരിഹാരം മാത്രമേ നല്കിയുള്ളൂ എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യം ന്യായമാണെങ്കിൽ മതിയായ നഷ്ടപരിഹാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലുള്ള ഭൂമിയുടെ ഉപയോഗാവകാശം മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. അതിനുള്ള നടപടികൾ പി & എം പി ആക്റ്റ് 1962 പ്രകാരമാണ് കൈകൊണ്ടുവരുന്നത്. വിളകൾക്കും ഭൂമിക്കുമുള്ള നഷ്ടപരിഹാരം 01.12.2017 ലെ കേരള സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് G.O (Rt) No. 5165/2017/RD പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ പൈപ്പ് ലൈൻ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാഭീഷണി സൃഷ്ടിക്കുന്നുണ്ടോ; സുരക്ഷ, കാലാകാലങ്ങളിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങളും, ഉദ്യോഗസ്ഥരെയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | കൊച്ചിയിൽ നിന്നും മംഗലാപുരം വരെ ഗെയിൽ സ്ഥാപിക്കുന്ന പൈപ്പ് ലൈനിന്റെ സുരക്ഷയ്ക്കായി നിശ്ചിത ഇടവേളകളിൽ എസ്.വി/ഐ പി സ്റ്റേഷനുകൾ നിർമ്മിക്കുകയും 24 മണിക്കൂറും നിരീക്ഷണ വലയത്തിലാക്കുകയും ചെയ്യുന്നതാണ്. ഈ പൈപ്പ് ലൈൻ ശൃംഖല അത്യാധുനിക സംവിധാനങ്ങളുപയോഗിച്ച് കൊച്ചിയിൽ സ്ഥാപിച്ചിട്ടുള്ള റീജിയണൽ ഗ്യാസ് മാനേജ്മെന്റ് സെന്റർ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്.<br>പൈപ്പ് ലൈനിന്റെ തുടർന്നുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ ഓഡിറ്റിങ്ങ് നടപടികൾ നിലവിലുള്ളതും, കേന്ദ്ര ഏജൻസികളുടെ അംഗീകാരം ലഭ്യമാക്കേണ്ടതും തുടർന്ന് പരിശോധനയ്ക്ക് വിധേയമായി പുതുക്കിനൽകുന്നതുമാണ്. ഏതെങ്കിലും |

| | | | |
|---|---|---|---|
| | | | വിധത്തിലുള്ള സുരക്ഷാഭീഷണിയുണ്ടായാൽ ആയത് ഉടനെതന്നെ പരിഹരിക്കാനുള്ള സത്വരനടപടികൾ ഗെയിലിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നതും പൈപ്പ് ലൈൻ അറ്റകുറ്റപണികൾക്ക് ആവശ്യമായ ഉദ്യോഗസ്ഥരെ പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഓഫീസുകളിൽ ഗെയിൽ നിയമിക്കുകയും ചെയ്യുന്നതാണ് |
| (സി) | പൈപ്പ് ലൈൻ കടന്നുപോവുന്ന സ്ഥലത്തിന്റെ ചുറ്റുപാടിലുമുള്ള ആളുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ സാധിക്കുമോ; | (സി) | ജനങ്ങളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിക്കൊണ്ടാണ് ഗെയിൽ പ്രകൃതിവാതക പൈപ്പ് ലൈൻ വിന്യസിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും. പൈപ്പ് ലൈൻ കടന്നുപോകുന്ന മേഖലകളിലുള്ള ജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകണമെന്നത് പി & എം പി ആക്റ്റിൽ നിഷ്കർഷിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത പൈപ്പ് ലൈൻ കടന്നു പോകുന്നു എന്നുള്ള കാരണത്താൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെങ്കിൽ അവർക്ക് ഒരു നിശ്ചിത വാടക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | പൈപ്പ് ലൈൻ നിർമ്മാണത്തിലിരിക്കുന്ന അവസരത്തിൽ കൃഷി ചെയ്യാൻ സാധിക്കാത്ത ഭൂമിക്കുള്ള നഷ്ടപരിഹാരം കോംപീറ്റന്റ് അതോറിറ്റി അവാർഡ് പാസ്സാക്കുകയും ബന്ധപ്പെട്ട കക്ഷികൾക്ക് വിതരണം ചെയ്തുവരുകയും ചെയ്യുന്നു. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഏറ്റെടുക്കുന്നത്. ആയതിനുള്ള വാടക അനുവദിക്കുന്നതിന് പകരമാണ് ഏറ്റെടുത്ത ഭൂമിയുടെ ന്യായമായ നഷ്ടപരിഹാരം നല്കിവരുന്നത്. |

Bindu T

**സെക്ഷൻ ഓഫീസർ**